Draft #1 of File 363/AD A5/4/2020/AD A 5 Approved by ASSISTANT REGISTRAR II (ADMIN) on 20-Jan-2020 01:05 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

മഹാത്മാഗാന്ധി സർവകലാശാല - അക്കാദമിക് സെന്ററായ സൊഫിസ്റ്റിക്കേറ്റഡ് അനലിറ്റിക്കൽ ഇൻസ്ട്രുമെന്റ് ഫെസിലിറ്റി (SAIF)യിൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള കരാർ നിയമനവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ സംബന്ധിച്ച സിൻഡിക്കറ്റ് തീരുമാനം - ആയത് പ്രകാരം നിശ്ചയിച്ച വിദ്യാഭ്യാസയോഗ്യതയിൽ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3.10(17) വകുപ്പ് അധികാരം വിനിയോഗിച്ച് മാറ്റം വരുത്തിയ തീരുമാനം - എന്നിവ നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 5 സെക്ഷൻ**

നമ്പർ. 318/AD A 5/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 20.01.2020

---

പരാമർശം:-1. സിൻഡിക്കറ്റ് മിനിട്സ് ഇനം നം.ഒ .എ.12/19.11, തീയതി: 31.12.2019

2. 18.01.2019 തീയതിയിലെ ബഹു.വൈസ് ചാൻസലറുടെ ഉത്തരവ്.

**ഉത്തരവ്**

31.12.2019ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം പരാമർശം (1) പ്രകാരം സർവകലാശാല അക്കാദമിക് സെന്ററായ സൊഫിസ്റ്റിക്കേറ്റഡ് അനലിറ്റിക്കൽ ഇൻസ്ട്രുമെന്റ് ഫെസിലിറ്റി (SAIF)യിലെ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ, കരാറടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്ക് 25000/-രൂപാ (ഇരുപത്തിഅയ്യായിരം രൂപാ മാത്രം) പ്രതിമാസവേതനത്തിൽ നിയമനം നടത്തുന്നതിനും ആയതിനുള്ള യോഗ്യത കെമിസ്ട്രിയിൽ ഒന്നാം ക്ലാസ് ബിരുദാനന്തരബിരുദം എന്നു നിശ്ചയിക്കുന്നതിനും തീരുമാനിച്ചു.

കൂടാതെ ടി തസ്തികയിൽ നിയമിക്കപ്പെടുന്ന വ്യക്തിയുടെ വേതനവുമായി ബന്ധപ്പെട്ട ചെലവുകൾ നടപ്പ് സാമ്പത്തിക വർഷത്തിലെ സൊഫിസ്റ്റിക്കേറ്റഡ് അനലിറ്റിക്കൽ ഇൻസ്ട്രുമെന്റ് ഫെസിലിറ്റി (SAIF)യുമായി ബന്ധപ്പെട്ട ബജറ്റ് എസ്റ്റിമേറ്റിൽ പരാമർശിച്ചിരിക്കുന്ന "22 360 01 - Salaries and Allowances" എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും വകയിരുത്തുന്നതിനും തീരുമാനിച്ചു.

എന്നാൽ സിൻഡിക്കേറ്റ് തീരുമാനപ്രകാരം നിശ്ചയിച്ചിരുന്ന വിദ്യാഭ്യാസ യോഗ്യതയിൽ മാറ്റം വരുത്തി കെമിസ്ട്രിയിലോ ഫിസിക്സിലോ ഉള്ള ഒന്നാം ക്ലാസ് ബിരുദാനന്തരബിരുദം എന്ന് യോഗ്യത പുതുക്കി നിശ്ചയിക്കുവാൻ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം 3.10(17) വകുപ്പ് അധികാരം വിനിയോഗിച്ച് ബഹു.വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാരീസ് പി വൈ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വി.സി./പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

2. രജിസ്ട്രാർ(i/c) /എഫ്.ഓ(i/c) എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റ്മാർ
3. കോ-ഓർഡിനേറ്റർ,സൊഫിസ്റ്റിക്കേറ്റഡ് അനലിറ്റിക്കൽ ഇൻസ്ട്രുമെന്റ് ഫെസിലിറ്റി (SAIF)
4. എ.ആർ.II/ഡി.ആർ.II/ജെ.ആർ.I(ഭ.വി)
5. ജോയിന്റ് ഡയറക്ടർ,കെ.എസ്.എ.ഡി.
6. ഫിനാൻസ്/ഓഡിറ്റ്/ജനറൽ ക്യാഷ്/പി&ഡി സെക്ഷൻ
7. എഫ്.സി.സി./സിറ്റാഡ്/കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
8. ഫയൽകോപ്പി/സ്റ്റോക്ക് ഫയൽ/റെക്കോഡ്സ്

Draft #1 of File 363/AD A5/4/2020/AD A 5 Approved by ASSISTANT REGISTRAR II (ADMIN) on 20-Jan-2020 01:05 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം